ഉത്തരം

(എ) ഉണ്ട്. 6 പേർക്ക്.

(ബി) തിരുവനന്തപുരം 4
ആലപ്പുഴ 1
കോഴിക്കോട് 1

(സി) കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) രണ്ട് കേസ്സുകളിൽ കുറ്റക്കാരാണെന്ന് പ്രഥമദൃഷ്ട്യാ കണ്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ ഡിപ്പാർട്ടുമെന്റൽ നടപടി എടുത്തിട്ടുണ്ട്.

മർദ്ദിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗക്കാർ

380. [489] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്രപേർ മർദ്ദിക്കപ്പെട്ടിട്ടുണ്ട് ?

ഉത്തരം

2190 പേർ മർദ്ദിക്കപ്പെട്ടിട്ടുണ്ട് .

കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം സംസ്ഥാനത്ത് നടന്ന ലോക്കപ്പ് കൊലപാതകങ്ങളും ലോക്കപ്പ് മർദ്ദനങ്ങളും

381. [490] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം സംസ്ഥാനത്ത് ലോക്കപ്പ് കൊലപാതകങ്ങളും ലോക്കപ്പ് മർദ്ദനങ്ങളും നടന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എത്ര ; വിധേയരായവർ ആരെല്ലാം ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ലോക്കപ്പ് മർദ്ദനങ്ങൾമൂലം മരണമടഞ്ഞവർ

382. [491] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം ലോക്കപ്പ് മർദ്ദനങ്ങൾ ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly